പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 757

05/06/2018 - ൽ മറുപടിക്ക്

## വിലക്കയറ്റം തടയുന്നതിന് സഹകരണ സ്ഥാപനങ്ങൾ എടുത്ത നടപടികൾ

ചോദ്യം

ശ്രീ.ഹൈബി ഈഡൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് തടയുന്നതിനുള്ള ഇടപെടൽ നടത്തുന്നതിന് കൺസ്യൂമർഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | എ) | നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് തടയുന്നതിനുള്ള ഇടപെടൽ നടത്തുന്നതിന് കൺസ്യൂമർ ഫെഡിന് കഴിയുന്നുണ്ട്. ഉത്സവ സീസണുകളിൽ വില നിലവാരം പിടിച്ച് നിർത്തുന്നതിനായി ഉത്സവ ചന്തകൾ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. |
| ബി) | അരിവില കുതിച്ചുകയറുന്ന സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച അരിക്കടകൾ പരാജയപ്പെട്ടുവാനുണ്ടായ കാരണം വിശദമാക്കുമോ; | ബി) | അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും അരിവില നിയന്ത്രിക്കുന്നതിനും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 675 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതു ജനങ്ങൾക്ക് വിൽപന നടത്തി. അരിയുടെ വിലക്കയറ്റം തടയുന്നതിന് ആവശ്യമെങ്കിൽ വീണ്ടും ഇത്തരം അരിക്കടകൾ ആരംഭിക്കുന്നതാണ്. |
| സി) | പ്രാഥമിക സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുൻകൈ എടുത്ത് രണ്ടായിരം നീതി സ്റ്റോറുകളും ആയിരത്തി അഞ്ഞൂറ് നീതി മെഡിക്കൽ സ്റ്റോറുകളും | സി) | പദ്ധതിയുടെ നിർവ്വഹണം പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | | |
| ഡി) | ഈ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ സാധനങ്ങൾ നൽകുന്നതിന് സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; മാർക്കറ്റ് വിലയെക്കാൾ എത്ര ശതമാനം കുറഞ്ഞ വിലയ്ക്കാണ് സ്റ്റുഡന്റ്സ് മാർക്കറ്റുകളിൽ സാധനങ്ങൾ വില്പന നടത്തുന്നതെന്ന് അറിയിക്കുമോ; | ഡി) | ആരംഭിച്ചിട്ടുണ്ട്. മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% ശതമാനം വരെ വിലക്കുറവിലാണ് സാധനങ്ങൾ സ്റ്റുഡൻസ് മാർക്കറ്റിലൂടെ വിൽപന നടത്തുന്നത്. |
| ഇ) | കുടുംബശ്രീ ഉല്പാദിപ്പിക്കുന്ന സ്കൂൾ ബാഗ്, കുട എന്നിവ സ്റ്റുഡന്റ്സ് മാർക്കറ്റിൽ കൂടി വില്പന നടത്തിയിരുന്നോ; എങ്കിൽ എന്ത് തുകയ്ക്കുള്ള വില്പനയാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ? | ഇ) | വിൽപ്പന നടത്തി വരുന്നുണ്ട്. ഇതുവരെ ഏകദേശം 86,000/- രൂപയുടെ കുടുംബശ്രീ ബാഗുകൾ വിൽപ്പന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ